# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | **പ്രധാനവാർത്തകൾ** | **DATE: 10-08-2026**

1. നീറ്റ് ചോദ്യപേപ്പർ ചോർച്ച ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ പാർലമെൻറിൽ പ്രതിപക്ഷ ബഹളം. കേരള പുനർനാമകരണ ബിൽ ലോക്സഭയിൽ അവതരിപ്പിച്ചു.
2. ഇന്ത്യ – യുഎസ് നാവികസേനകളുടെ സ്ഫോടകവസ്തു നിർവീര്യമാക്കൽ അഭ്യാസപ്രകടനം കൊച്ചി ദക്ഷിണ നാവിക കമാൻഡിൽ ഇന്ന് ആരംഭിക്കും.
3. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തെ ആസ്പദമാക്കി തപാൽ വകുപ്പിൻറെ തപാൽ മുദ്ര, പ്രത്യേക കവർ' എന്നിവ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പുറത്തിറക്കി.
4. കൃഷിവകുപ്പിൻറെ നേതൃത്വത്തിൽ ഓണത്തോട് അനുബന്ധിച്ച് 2,000 പച്ചക്കറി ചന്തകൾ തുടങ്ങുമെന്ന് മന്ത്രി ടി. സിദ്ദീഖ്.
5. സംസ്ഥാനത്ത് മഴയ്ക്ക് ശമനം. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കന്യാകുമാരി തീരങ്ങളിൽ കടലാക്രമണത്തിന് സാധ്യത. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.
6. ഏഷ്യൻ ജൂനിയർ ഭാരോദ്വഹന ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ മഹാരാജൻ അറുമുഖ പാണ്ഡ്യന് വെള്ളി മെഡൽ.

******************************

RNU TVPM

## പാർലമെൻറ്

നീറ്റ് ചോദ്യപേപ്പർ ചോർച്ചയിലെ വിദ്യാർത്ഥി പ്രതിഷേധത്തിന് നേരെ നടന്ന പോലീസ് നടപടി ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളിൽ പാർലമെൻറിൻറെ ഇരുസഭകളിലും ഇന്ന് പ്രതിപക്ഷ ബഹളം. ലോക്സഭയും രാജ്യസഭയും 2 മണിവരെ നിർത്തിവെച്ചു. കേരള എന്ന പേര് 'കേരളം' ആയി പുനർനാമകരണം ചെയ്യുന്നതിനുള്ള ബിൽ ലോക്സഭയിൽ അവതരിപ്പിച്ചു. ഈ മാസം 13 വരെയാണ് പാർലമെൻറിൻറെ വർഷകാല സമ്മേളനം.

******************************

## പ്രധാനമന്ത്രി - കോമൺവെൽത്ത് (ഇൻട്രോ)

2026 കോമൺവെൽത്ത് ഗെയിംസിലെ മെഡൽ ജേതാക്കളുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിലെ ഔദ്യോഗിക വസതിയിൽ കൂടിക്കാഴ്ച നടത്തി. കായികതാരങ്ങളുടെ മികച്ച പ്രകടനം രാജ്യത്തിന് അഭിമാനകരമാണെന്നും യുവാക്കൾക്ക് പ്രചോദനമാകുമെന്നും അദ്ദേഹം പറഞ്ഞു.

( ഹോൾഡ് )

RNUTVPM

******************************

## ഹർ ഘർ തിരംഗ യജ്ഞം

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായുള്ള ഹർ ഘർ തിരംഗ യജ്ഞത്തിന് രാജ്യമെമ്പാടും മികച്ച പ്രതികരണം. 'തിരംഗ യാത്രകൾ, റാലികൾ',സംഗീത പരിപാടികൾ', എന്നിവയിലൂടെ പ്രചാരണം എല്ലാവരിലേക്കും എത്തിക്കുകയാണ് ലക്ഷ്യമെന്ന് സാംസ്കാരിക മന്ത്രാലയം അറിയിച്ചു. ലോകമെമ്പാടുമുള്ള ഇന്ത്യക്കാരെ ത്രിവർണ്ണ പതാകയുടെ ആഘോഷത്തിൽ ഒന്നിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള, 'സൂര്യപഥ് തിരംഗ സംരംഭം

ഇത്തവണ സംഘടിപ്പിക്കുന്നുണ്ട്. 'വന്ദേമാതര'ത്തിന്റെ 150-ാം വാർഷികം ആഘോഷിക്കുന്ന വേളയെന്ന പ്രത്യേകതയും ഇത്തവണയുണ്ട്.

******************************

## ഇന്ത്യ - യുഎസ് അഭ്യാസപ്രകടനം (ഇൻട്രോ)

ഇന്ത്യ –യുഎസ് നാവികസേനകൾ സംയുക്തമായി സംഘടിപ്പിക്കുന്ന സ്ഫോടകവസ്തു നിർവീര്യമാക്കൽ അഭ്യാസപ്രകടനം ഇന്ന് മുതൽ കൊച്ചിയിലെ ദക്ഷിണ നാവിക കമാൻഡിൽ നടക്കും. അഭ്യാസപ്രകടനം വെള്ളിയാഴ്ച സമാപിക്കും. **വിശദാംശങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി.നഹീമ.......**

**(വോയ്സ്)**

PNU TVPM

******************************

## ഗവർണർ - പ്രകാശനം

സംസ്കാരവും പാരമ്പര്യവും ലോകമെമ്പാടും എത്തിക്കുന്നത് നാം ഓരോരുത്തരുടേയും ഉത്തരവാദിത്തമാണെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തെ ആസ്പദമാക്കി തപാൽ വകുപ്പിൻറെ തപാൽ മുദ്ര, പ്രത്യേക കവർ' എന്നിവ പുറത്തിറക്കി സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതിലൂടെ തപാൽ വകുപ്പ് കേരള സംസ്കാരത്തിൻ്റെ ഭാഗമാവുകയാണെന്നും ഗവർണർ പറഞ്ഞു. പരിപാടിയിൽ ഹർ ഘർ തിരംഗ പ്രചാരണത്തിൻറെ ഭാഗമായി ദേശീയ പതാക പ്രദർശിപ്പിച്ചു.

******************************

## മന്ത്രി ടി. സിദ്ദീഖ്

കൃഷിവകുപ്പിൻറെ നേതൃത്വത്തിൽ ഓണത്തോട് അനുബന്ധിച്ച് 2,000 പച്ചക്കറി ചന്തകൾ തുടങ്ങുമെന്ന് മന്ത്രി ടി. സിദ്ദീഖ്. കോഴിക്കോട് വേങ്ങേരി പച്ചക്കറി വിപണന കേന്ദ്രം സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പച്ചക്കറി വിലവർധന തടയാൻ 10 കോടി 50 ലക്ഷം രൂപ വിപണി ഇടപെടലിന് മാറ്റിവെച്ചിട്ടുണ്ടെന്നും കൃഷിമന്ത്രി അറിയിച്ചു.

******************************

## ഓപ്പറേഷൻ ഗ്രിപ്പ്

സംസ്ഥാന വ്യാപകമായി ഗുണ്ടാ പ്രവർത്തനങ്ങൾക്ക് എതിരെ ഓപ്പറേഷൻ ഗ്രിപ്പുമായി കേരള പോലീസ്. എഡിജിപ് പി. വിജയൻറെ നിർദ്ദേശപ്രകാരം ഇതിൻറെ ഭാഗമായി പരിശോധനകൾ നടന്നു. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്കെതിരായ നടപടികളും, ഒന്നിലധികം കേസുകളിൽ പ്രതിയായവർ, ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ തുടങ്ങി സമാധാനപരമായ പൊതുജന ജീവിതത്തിന് തടസ്സം നിൽക്കുന്ന എല്ലാ സാമൂഹ്യവിരുദ്ധ ശക്തികളെയും അമർച്ച ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഓപ്പറേഷൻ ഗ്രിപ്പ് നടപ്പാക്കിയത്.

RNU TVPM

******************************

## ആഭ്യന്തര മന്ത്രി - ഓപ്പറേഷൻ ഗ്രിപ്പ്

സംസ്ഥാനത്ത് ഗുണ്ടാ സംഘങ്ങൾക്കെതിരെ ശക്തമായ നടപടി തുടരുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. ജനങ്ങൾക്ക് സമാധാനമാണ് ആവശ്യമെന്നും അദ്ദേഹം കൊല്ലത്ത് പറഞ്ഞു. കുറ്റകൃത്യങ്ങൾ തടയാൻ ആവശ്യമായ അന്വേഷണങ്ങൾ പോലീസ് നടത്തും എന്നാൽ ഇതിന്റെ പേരിൽ

ഒരു നിരപരാധിയെയും ഉപദ്രവിക്കില്ലെന്നും ആഭ്യന്തര മന്ത്രി വ്യക്തമാക്കി.

******************************

## നഷ്ടപരിഹാരം- മന്ത്രി സി പി.ജോൺ

ബംഗളൂരു കെ.എസ് ആർ ടി സി ബസ് അപകടത്തിൽ മരിച്ച ജീവനക്കാരുടെ കുടുംബങ്ങൾക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കുമെന്ന് മന്ത്രി സി പി.ജോൺ. ഡ്രൈവർക്ക് മതിയായ വിശ്രമം ലഭിച്ചില്ല എന്ന ആരോപണം ശരിയല്ലെന്നും ബസുകളുടെ റണ്ണിംഗ് സമയം സംബന്ധിച്ച് പരിശോധന നടത്തുമെന്നും അദ്ദേഹം കോഴിക്കോട് മാധ്യമങ്ങളോട് പറഞ്ഞു.

******************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

RNU TVPM

******************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് മഴയുടെ ശക്തി കുറയുന്നുണ്ടെങ്കിലും മഴക്കെടുതികൾ തുടരുന്നു. ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് ഇന്ന് അവധി നൽകിയിട്ടുണ്ട്. കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കന്യാകുമാരി തീരങ്ങളിൽ ഇന്ന് ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യത. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്കേർപ്പെടുത്തി.

******************************

## കൊല്ലം നീണ്ടകര - രമേശ് ചെന്നിത്തല.

കൊല്ലം നീണ്ടകരയിൽ മത്സ്യബന്ധനത്തിനിടെ വള്ളം മറിഞ്ഞ് കാണാതായ ഗൗതം കൃഷ്ണയ്ക്കായുള്ള തെരച്ചിൽ തുടരുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. കുടുംബത്തിന് ആവശ്യമായ സഹായങ്ങൾ നൽകുന്നതിനുള്ള തീരുമാനം വരുന്ന മന്ത്രിസഭ യോഗത്തിൽ ഉണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. നീണ്ടകരയിലെ ഗൗതം കൃഷ്ണന്റെ വീട്ടിലെത്തിയ മന്ത്രി കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ചു. അതെസമയം, മുഖ്യമന്ത്രി വി ഡി സതീശനും ഗൗതമിൻറെ വീട് സന്ദർശിച്ചു.

******************************

RNU TVPM

## ഉന്നതി-പാലക്കാട് (ഇൻട്രോ)

അട്ടപ്പാടിയുടെ പരമ്പരാഗതമായ കാർഷിക അറിവിനും തദ്ദേശീയ വിത്തുകളുടെ സംരക്ഷണത്തിനും സംസ്ഥാന സർക്കാരിന്റെ അംഗീകാരം. ഇത്തവണത്തെ പൈതൃക കാർഷിക പുരസ്കാരം നേടിയ ഗൊട്ടിയാർകണ്ടി ഉന്നതിയെക്കുറിച്ച് ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് തയ്യാറാക്കിയ റിപ്പോർട്ട് ....

(വോയ്സ്)

******************************

## കർക്കടക ബലി

കേരളത്തിൽ കർക്കടക ബലിതർപ്പണത്തിനുള്ള മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു. മറ്റെന്നാളാണ് കർക്കടക വാവ്. പ്രധാന ക്ഷേത്രങ്ങളിലെല്ലാം ബലിതർപ്പണത്തിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കും. ത്രിമൂർത്തി സംഗമസ്ഥാനമായ

തിരുനാവായയിൽ കർക്കടകവാവുബലിതർപ്പണം ബുധനാഴ്ച പുലർച്ചെ രണ്ട് മണിക്ക് തുടങ്ങും. തിരുവനന്തപുരം തിരുവല്ലം ക്ഷേത്രത്തിലെ ബലിതർപ്പണ മുന്നൊരുക്കങ്ങൾ രാജീവ് ചന്ദ്രശേഖർ എം എൽ എ വിലയിരുത്തി. കർക്കിടക വാവ് ബലിയോടനുബന്ധിച്ച് കൊച്ചി മെട്രോ സർവീസ് സമയം ദീർഘിപ്പിച്ചു. നാളെ തൃപ്പൂണിത്തുറയിൽ നിന്നും ആലുവയിലേക്ക് രാത്രി പതിനൊന്നേകാലിനും, പതിനൊന്നരയ്ക്കും സർവീസ് ഉണ്ടായിരിക്കും.

****************************

## ഇടുക്കി ആദിവാസി (ഇൻട്രോ)

ഇടുക്കി മറയൂരിലെ ആദിവാസി സമൂഹത്തിന്റെ സാമ്പത്തിക ഉന്നമനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന 'ഗിരിജ്യോതി ട്രൈബൽ ഫാർമർ പ്രൊഡ്യൂസർ കമ്പനി' നടത്തുന്നത് മാതൃകാപരമായ മുന്നേറ്റം. മുതുവാൻ, ഹിൽപുലയ സമുദായങ്ങളിൽപ്പെട്ട എഴുന്നൂറ്റിയമ്പതോളം കർഷകരാണ് ഈ കമ്പനിയിലെ ഓഹരി ഉടമകൾ. നബാർഡിന്റെ സാമ്പത്തിക-സാങ്കേതിക സഹായത്തോടെയാണ് പ്രവർത്തനം.

RNU TVPM

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.......**

(വോയ്സ്)

****************************

## ഭാരോദ്വഹന ചാമ്പ്യൻഷിപ്പ്

ഉസ്ബെക്കിസ്ഥാനിൽ നടന്ന ഏഷ്യൻ ജൂനിയർ ഭാരോദ്വഹന ചാമ്പ്യൻഷിപ്പിൽ പുരുഷൻമാരുടെ 65 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ മഹാരാജൻ അറുമുഗ പാണ്ഡ്യൻ വെള്ളി മെഡൽ നേടി. സ്നാച്ചിൽ 128 കിലോഗ്രാമും ക്ലീൻ ആൻഡ് ജെർക്കിൽ 157

കിലോഗ്രാമും ഉയർത്തിയ മഹാരാജൻ 285 കിലോഗ്രാം എന്ന മികച്ച വ്യക്തിഗത പ്രകടനവും കാഴ്ചവച്ചു.

******************************

## രാജ്യാന്തര സെമിനാർ

ആദിവാസി ജീവിതം, ക്ഷേമം, ആരോഗ്യം എന്ന വിഷയത്തിൽ കണ്ണൂർ സർവകലാശാല സംഘടിപ്പിക്കുന്ന ദ്വിദിന രാജ്യാന്തര സെമിനാറിന് തുടക്കമായി. ഗോത്രവർഗ്ഗ ഗവേഷണ രീതികൾ, പരമ്പരാഗത അറിവുകൾ, ഗൃഹാരോഗ്യം എന്നിവ അടിസ്ഥാനമാക്കിയുള്ള നാല് വ്യത്യസ്ത സെഷനുകൾ ആണ് ഉൾപ്പെടുത്തിയിട്ടുണ്ട്. സെമിനാറിനോടനുബന്ധിച്ച് പോസ്റ്റർ പ്രദർശനവും ഒരുക്കിയിട്ടുണ്ട്.

******************************************************************************************

******************************

RNU TVPM